# സ്വാതിതിരുനാളിൻെറ സംഗീതവും സാഹിത്യവും

(പ്രൊഫ. എസ്. ഗുപ്തൻ നായർ)

സ്വാതിതിരുനാളിനെപ്പററി കുബുദ്ധികൾ ഇളക്കിവിട്ട നുണപ്രചരണങ്ങൾ ചെന്നു ചെന്ന്, ഇപ്പോൾ അങ്ങനെ ഒരാളേ ജീവിച്ചിരുന്നില്ല എന്നേടത്തോളം എത്തിയിരിക്കയാണല്ലോ. ഏതായാലും കുട്ടിക്കാലം മുതൽ തിരുവിതാംകൂർ ചരിത്രം പഠിച്ചവരുടെ വംശം കുററിയററിട്ടില്ലാത്തതിനാൽ ഈ പ്രചരണം വന്ധ്യമാകയേ ഉള്ളു. മനസ്സുമുരടിച്ചിട്ടില്ലാത്തവർക്ക് എങ്ങോട്ടു തിരിഞ്ഞാലും കേൾക്കാം, സ്വാതി കീർത്തനങ്ങളുടെ ചില അലയൊലികൾ. എന്നാൽ തമിഴരിൽ ചുരുക്കം ചിലർ എന്നും ചോദിക്കുന്ന ഒരു ചോദ്യമുണ്ട് – മലയാളത്തിനുണ്ടോ സംഗീതബോധം ? ഈ ചോദ്യത്തിൻെറ വെടിയും പുകയും കർണ്ണാടക സംഗീതത്തിൻെറ ശാന്തമായ അന്തരീക്ഷത്തെ ഇടയ്ക്കിടെ മലിനീകരിച്ചുകൊണ്ടിരിക്കും. എങ്കിലും നിഷ്പക്ഷമതികളെന്നും വിശാലമനസ്കരെന്നും പ്രശസ്തിനേടിയ അനേകം തമിഴ്നാട്ടു പണ്ഡിതന്മാർ സ്വാതിതിരുനാളിനെ മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. ടൈഗർ വരദാചാര്യർ, ടി. ലക്ഷ്മണൻ പിള്ള, ടി.എൽ.വെങ്കട്ട രാമയ്യാർ, എസ്. രാമനാഥൻ മുതലായവർ.

''സ്വാതിതിരുനാൾ കൃതികൾ പാടുന്ന ഗായകർ പഴയകാലത്ത് കേരളത്തിനകത്തും പുറത്തും അപൂർവ്വമായിരുന്നെങ്കിലും ഇന്നു സ്ഥിതി വളരെ മാറിയിരിക്കുന്നു. *തമിഴ്നാട്ടിലെ പ്രമുഖഗായകരെല്ലാം തങ്ങളുടെ കച്ചേരികളിൽ ഒന്നോ രണ്ടോ സ്വാതികീർത്തനങ്ങൾ പാടുക പതിവാക്കിയിട്ടുണ്ട്. സ്വാതിയുടെ സംഗീതത്തെപ്പററി ചിന്തിക്കുമ്പോൾ, ആദ്യമായി പറയേണ്ടത്, ഹ്രസ്വമായ ആ ജീവിതത്തിൽ ഇത്രയേറെ കൃതികൾ അദ്ദേഹത്തിനുരചിക്കാൻ കഴിഞ്ഞു എന്ന വസ്തുതയാണ്. ത്യാഗരാജസ്വാമികൾ 80 വർഷവും ദീക്ഷിതർ 60 വർഷവും ശ്യാമാശാസ്ത്രികൾ 64 വർഷവും ജീവിച്ചിരുന്നപ്പോൾ 33 വർഷം മാത്രമാണ് സ്വാതിതിരുനാൾ ജീവിച്ചത്. അപ്പോൾ ഏറിയാൽ പതിനേഴോ പതിനെട്ടോ വർഷമാണ് അദ്ദേഹത്തിൻെറ കർമ്മനിരതമായ ജീവിതം. ആ ചുരുങ്ങിയ കാലഘട്ടത്തിലാണ് 400 ഓളം കൃതികൾ രചിച്ചത്-അഞ്ചുഭാഷകളിൽ! 80 വർഷം ജീവിച്ചിരുന്ന ത്യാഗരാജസ്വാമികൾ 600 കീർത്തനങ്ങളിലധികം രചിച്ചിട്ടില്ല എന്നാണ് പണ്ഡിതനും ഗവേഷകനുമായ ഡോ. വി. രാഘവൻ പറയുന്നത്. മിക്കവാറും തെലുങ്കു ഭാഷയിലാണെല്ലാം. (1) ഇവിടെയാണ് സ്വാതിതിരുനാൾ നമ്മെ അത്ഭുതപ്പെടുത്തുന്നത്. *(* സ്വാതികീർത്തനങ്ങൾ മുൻകാലങ്ങളിലും കുറച്ചൊക്കെ പ്രചരിച്ചിരുന്നു എന്ന് ഗവേഷകന്മാർ ഇപ്പോൾ കണ്ടു പിടിച്ചിട്ടുണ്ട്. 1859 ലെ സംഗീത സർവ്വാർത്ഥസാര സംഗ്രഹത്തിലും 1877 ലെ ഗായക പാരിജാതത്തിലും കുലശേഖരപ്പെരുമാൾ കൃതികൾ ഉൾപ്പെടുത്തിയിരുന്നു എന്ന് ടി.എസ്. പാർത്ഥസാരഥി.)*

സംഗീതത്രിമൂർത്തികൾ സംഗീതമഗ്നമായ ജീവിതമാണ് നയിച്ചിരുന്നത്. സ്വാതിതിരുനാളാകട്ടെ വിശ്രമരഹിതവും ബഹുകാര്യവ്യഗ്രവുമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്. ആ ബഹുകാര്യവ്യഗ്രതയ്ക്കിടയിലാണ് ഇത്രയും സാധിച്ചത്. എൻെറ സുഹൃത്തായിരുന്ന ഡോ. വെങ്കട സുബ്രഹ്മണ്യയ്യർ 397 കൃതികൾ പട്ടികയാക്കി പ്രദർശിപ്പിച്ചിട്ടുണ്ട്, താൻ രചിച്ച ഇംഗ്ലീഷ് ഗ്രന്ഥത്തിൽ (1) (Swathi Thirunal and his Music (1975). തീർച്ചയായും അത്ഭുത പ്രതിഭാശാലിയായിരുന്നു സ്വാതി. *((1) v. Ragavan Tyagaraja Sahitya Akadem. Ed.)*

സ്വാതിതിരുനാൾ അഞ്ചു ഭാഷകളിൽ സംഗീതം രചിച്ചിട്ടുണ്ടെങ്കിലും സംസ്കൃത കവിയായി വേണം അദ്ദേഹത്തെ മുഖ്യമായി പരിഗണിക്കാൻ. കേവലമൊരു വാഗ്ഗേയകാരനായി മാത്രം പരിഗണിച്ചാൽ പോരാ എന്നർത്ഥം. കേരളീയ സംസ്കൃത കവികളുടെ കൂട്ടത്തിൽ ഗണനീയമായൊരു സ്ഥാനത്തിന് അർഹനാണ് സ്വാതിതിരുനാൾ. കേരളീയ സംസ്കൃത സാഹിത്യചരിത്രമെഴുതിയ വടക്കുംകൂർ രാജരാജവർമ്മ സ്വാതിയെപ്പററി പറയുന്നതു കേൾക്കുക: ''സ്വാതിതിരുനാളിന് ഭക്തജനങ്ങളുടെയും കവിരത്നങ്ങളുടെയും വർഗ്ഗത്തിൽ മാന്യസ്ഥാനം സമ്പാദിക്കുന്നതിന് ഈ ഒരു ഗ്രന്ഥം (ഭക്തിമഞ്ജരി) കൊണ്ടു സാധിക്കും.'' (*(2) (കേ. സം. സാ. ച. 4. അദ്ധ്യായം 2 *Ed.*) ഈ പ്രസ്താവന അതിശയോക്തിയല്ല. മുൻകാലങ്ങളിൽ നമുക്ക് മേൽപ്പത്തൂരും രാമപാണിവാദനും മററുമുണ്ടായിരുന്നു. എന്നാൽ പത്തൊമ്പതാം നൂററാണ്ടിൽ സ്വാതിക്കു തുല്യനായി ഒരു സംസ്കൃത കവി കേരളത്തിലുണ്ടായിരുന്നില്ല എന്നാണ് കേരളവർമ്മ വലിയ കോയിത്തമ്പുരാൻെറയും പക്ഷം.

(പ്രസംഗ സംഗ്രഹം നോക്കുക). *(* ഭക്തിമഞ്ജരിയും നാരായണീയവും തമ്മിൽ വടക്കുംകൂർ വിശദമായ താരതമ്യപഠനം നിർവ്വഹിക്കുന്നു.)*

## മണിപ്രാവളപദങ്ങൾ

50 മണിപ്രവാള പദങ്ങളാണ് നമുക്കു ലഭിച്ചിട്ടുളളത്. (ഡോ. വി. എസ്. ശർമ്മയുടെ സ്വാതിതിരുനാൾ-ജീവിതവും കൃതികളും) ഇവയ്ക്കെല്ലാം ഏകതാനത എന്ന ദോഷമുണ്ട്. ഒരു പക്ഷേ അതൊഴിവാക്കാൻ വയ്യാത്തതാവാം. എല്ലാം വിപ്രലംഭ ശൃംഗാരത്തിൻെറ പ്രകാരന്തരമുണ്ട്. എല്ലാററിലെയും നായകസ്ഥാനത്ത് ശ്രീ.പത്മനാഭനാണെന്നു പറഞ്ഞാലും ഭക്തിയുടെ മൂടുപടം അതിൽ അത്യന്തം നേർത്ത ഒരു ആവരണം മാത്രമാണ്. വിപ്രലംഭശൃംഗാരത്തിൻെറ പ്രകാരന്തരങ്ങൾ തന്നെ, എല്ലാററിലും. വാസകസജ്ജം, പ്രോഷിത ഭർത്തൃക, കലഹാന്തരിത മുതലായി പലതരം നായികമാരെ കവി അവതരിപ്പിച്ചിട്ടുണ്ടെങ്കിലും കാര്യമെല്ലാം ഒന്നുതന്നെ. 'കിതു ചെയ്വൂ ഞാൻ.' 'സുമുഖി ഞാനെന്തു ചെയ്വൂ.' 'ഹന്ത ഞാനെന്തു ചെയ്വൂ' ഈ ശബ്ദഭേദങ്ങൾ ഒട്ടുമുക്കാൽ കൃതികളിലും ആവർത്തിക്കുന്നു. പരിഭവവും സങ്കല്പസംഗമസുഖവും സഖീനിയോഗവും കൊണ്ട് മെല്ലെ ആരംഭിക്കുന്ന ശൃംഗാരാസ്പദങ്ങളായ ഭാവങ്ങൾ ചിലപ്പോൾ നീവീചാലനം, സുരതം, മണിതം, സീൽക്കാരം എന്നിങ്ങനെ സംഭോഗത്തിൻെറ പരമകാഷ്ഠ വരെ എത്തുന്നുണ്ട്. ഇവിടെ ഭക്തിയെപ്പററി ചിന്തിക്കാൻ ആർക്കാണവസരം ലഭിക്കുക? വിശേഷിച്ച് ഇത് അഭിനയസംഗീതമാണെന്നും സ്മരിക്കുക. അപ്പോൾ ഈ സംഭോഗാവസ്ഥകളും ദാസിമാർ അഭിനയിച്ചു കാണിക്കാനുളളതാണ്. ഭക്താഗ്രണിയായ സ്വാതിതിരുനാളിന് അങ്ങനെയും ഒരു മുഖമുണ്ടായിരുന്നു എന്നു സമ്മതിക്കുകയാണ് ഭേദം. മോഹിനിയാട്ടത്തിൻെറ പ്രോത്സാഹകനായിരുന്ന സ്വാതിതിരുനാൾ അതിനു ചേരുംപടി രചിച്ച കൃതികൾ ശൃംഗാരഭൂയിഷ്ഠമാണെന്നു വന്നാൽ അതൊരു കുററമല്ല.

*(3)* *''നാടകനടനം നർമവിനോദം*
*പാഠകപഠനം പാവക്കൂത്തും*
*മാടണിമുലമാർ മോഹിനിയാട്ടം*

*പാടവമേറിന പലപലമേളം'' എല്ലാം കൊട്ടാരത്തിലുണ്ടെന്ന് നമ്പ്യാരാശാൻ പറയുന്നല്ലോ. അതു സ്വാതിയേയും രസിപ്പിച്ചു.*

സ്വാതിയുടെ സദസ്സിലുണ്ടായിരുന്ന കരീന്ദ്രൻ കോയിത്തമ്പുരാനും ഇരയിമ്മൻതമ്പിയും ഒന്നാംകിട മണിപ്രവാള കവികളായിരുന്നല്ലോ. അവരുടെ സുസമ്മതമായ മേന്മ സ്വാതി തിരുനാൾ അംഗീകരിച്ചു കൊടുത്തിരുന്നു. ഒരു ഐതിഹ്യം കേട്ടിട്ടുണ്ട്. ഒരിക്കൽ തമ്പുരാന് ഇരയിമ്മൻ തമ്പിയോട് അല്പം നീരസം തോന്നിയത്രേ. മുഖം കാണിക്കാൻ സമയമില്ലെന്നു പറഞ്ഞു തിരുമേനി തമ്പിയെ മടക്കി അയച്ചു. തമ്പി വീട്ടിൽപോയി ഒരു പദമെഴുതിക്കൊടുത്തയച്ചു. ഒരു കാമിനിയുടെ സങ്കടം നിവേദനമെന്ന മട്ടിലാണ് പദം

യദുകുല കാംബേജി-ആദി

പല്ലവി

കാമാകൃതേ കാന്ത കാരുണ്യമില്ലിയോ
കാമാതുരയായോരെന്നിൽ

അനു: ഭൂമാദൃത പദ്മനാഭ ദാസവഞ്ചി
ഭൂമി വലയ ചന്ദ്ര, പുരന്ദര, വിഭോ

ചരണം: അപരാധം ഒരു ലേശം തവ ഞാൻ ചെയതവളല്ല
1. ചപല കടൂക്തി കിനാവിലും എനിക്കില്ല

അപരിമിതാർത്തി മേ വളർപ്പാൻ കാരണമെന്തേ
സപദി സർവ കാര്യവും സമയേ ചെയ്യണമല്ലോ

2. മനസിജൻ ശരമാരിപോൽ എയ്യുന്നു
പനിമതി ബിംബം മേ പരിതാപം വളർക്കുന്നു
അനുപമ ഗാംഭീര്യ ജലധേ നീയെന്നെ വനിത

മാർ ചിലർ കൂടി പരിഹസിക്കുമാറാക്കൊല്ലേ

3. ശൈശവം തുടങ്ങി ഞാൻ ചാതകദശപൂണ്ടു
ക്ലേശകാരിയാം ഭവാൻ ഗതിയെന്നു ചിന്തിച്ചു
ആശയിലുറപ്പിച്ചു മരുവുന്നു മഹാമതേ
വേശ്യമാരെപ്പോലെ വിചാരിപ്പതുചിതമോ?

4. എന്നോടു മുമ്പുള്ള സ്നേഹവും മറന്നതോ
ഖിന്നത പൂണ്ടെത്ര നാളായ് മരുവുന്നു
മന്നിലൊരുവനില്ല ശരണമെനിക്കയേ
മന്നവർമണേ രാമവർമ്മകുലശേഖരേന്ദ്ര.

ഇതുവായിച്ചു അതീവ സന്തുഷ്ടനായ തമ്പുരാൻ ''തമ്പിക്കു പദത്തിനു പകരം പദം വേണോ സമ്മാനം വേണോ''. എന്നു ചോദിച്ചു. ''രണ്ടും വേണം'' എന്നു തമ്പിയുടെ മറുപടി. അപ്രകാരമെഴുതിയ കീർത്തനമാണത്രേ യദുകുലകാംബോജിയിലുള്ള ''മോഹന മയി തവ മുരളീഗാനമഹോ'' എന്ന കൃതി.

ഈ ഐതിഹ്യം ശരിയായാലും കെട്ടുകഥയായാലും മണിപ്രവാളകൃതിക്കു മറുപടി സംസ്കൃത കൃതിയായിരുന്നു എന്ന വസ്തുത വളരെ അർത്ഥവത്താണ്. സ്വാതിതിരുനാളിന് സംസ്കൃതമായിരുന്നു സ്വാധീനതരമായ ഭാഷ. അന്യാദൃശമായിരുന്നു, സ്വാതിയുടെ ശബ്ദസ്വാധീനം. തൻെറ കൃതികൾ രചിച്ചുതീർന്നാലുടനെ സ്വാതി, തമ്പിയുടെ അഭിപ്രായമാരാഞ്ഞിരുന്നു എന്ന കേട്ടുകേഴ്വി വിദ്വാൻ ടി. ലക്ഷ്മണൻപിള്ള തൻെറ എസ്സേയ്സ് (1918) എന്ന ഇംഗ്ലീഷ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഞാൻ പറഞ്ഞു വരുന്നത് ഇത്രമാത്രം. സ്വാതിയുടെ സാഹിത്യ ചാതുര്യം മണിപ്രവാളങ്ങളെ ആശ്രയിച്ചല്ല നിർണ്ണയപ്പെടുത്തേണ്ടത്. രസപുഷ്ടിയും അവയിലല്ല തേടേണ്ടത്.

## സംസ്കൃത കീർത്തനങ്ങൾ

സംസ്കൃതഭാഷയിൽ കീർത്തനങ്ങളെഴുതിയ വാഗ്ഗേയകാരന്മാരിൽ ഏററവും പ്രസിദ്ധർ സ്വാതിതിരുനാളും മുത്തുസ്വാമിദീക്ഷിതരുമാണ്. തൊട്ടുപുറകേവരും നാരായണ തീർത്ഥരും സദാശിവ ബ്രഹ്മേന്ദ്രവും. ദീക്ഷിതരുടെ കൃതികളിൽ വ്യാകരണ ദൃഷ്ട്യാ ചില സ്ഖലിതങ്ങളുണ്ടെന്നും സാഹിത്യഗുണം പോരെന്നും ആരോപണങ്ങളുണ്ടായിട്ടുണ്ട്. രണ്ടിനും പണ്ഡിതന്മാർ സമാധാനവും പറഞ്ഞിട്ടുണ്ട്. സ്വാതിതിരുനാളിൻെറ സംസ്കൃതകൃതികളിൽ സ്ഖലിതമുണ്ടെന്ന് ഇന്നുവരെ ആരും പറഞ്ഞു കേട്ടിട്ടില്ല. എന്നാൽ സാഹിത്യഗുണം പോരെന്നും ആകപ്പാടെ പര്യായപദങ്ങൾ കൊണ്ടുള്ള ഒരു ചെപ്പടിക്കളിയാണെന്നും പറഞ്ഞു കേട്ടിട്ടുണ്ട്. ഈ ആരോപണത്തിന് സമാധാനം പറയാൻ ഒട്ടും പ്രയാസമില്ല. സ്വാതിതിരുനാളിൻെറ കീർത്തനങ്ങൾ സ്വതഃസ്ഫൂർത്തങ്ങളാണ്; അവയിലെ ഭാഷ ദീക്ഷിതരുടെ ഭാഷയെക്കാൾ പ്രൗഢവും പ്രാസാദി ശബ്ദാലങ്കാരങ്ങളാൽ സമ്പന്നവുമാണ്. എന്നാൽ ദീക്ഷിതകൃതികൾക്കുള്ളത്ര രാഗസഞ്ചാരങ്ങളുടെ സൗന്ദര്യോൽക്കർഷം സ്വാതികൃതികൾക്കില്ല എന്നു ചിലർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതു സ്വാതിയുടെ രചനയ്ക്കുള്ള വൈകല്യത്താലാകണമെന്നില്ല. ശിഷ്യപരമ്പരയെ സൃഷ്ടിക്കാതിരുന്ന സ്വാതിയുടെ കൃതികൾ പഴയ രീതിയിൽ പ്രചരിപ്പിച്ചുവന്നത് മുല്ലമൂട്ടുഭാഗവതരന്മാരായിരുന്നല്ലോ. അവർ പാടിയിരുന്നത് ഏതാണ്ട് തേവാരംപാട്ടുകളുടെ ചൊവ്വ് പിടിച്ചായിരുന്നു എന്നാണ് കേട്ടിട്ടുള്ളത്. ഇന്നത്തെ സ്വാതിസംഗീതത്തിൻെറ ബാണി ഒട്ടുപകുതി മുത്തയ്യാ ഭാഗവതരുടെയും ഒട്ടു പകുതി ശെമ്മാങ്കുടി ശ്രീനിവാസയ്യരുടെയും ആണ്. ഈ രുപന്താരണത്തിന് മുത്തയ്യാ ഭാഗവതർ നിർബന്ധനായതാണെന്നും ഓർക്കണം. മുത്തയ്യാ ഭാഗവതർ തിരുവനന്തപുരത്തു വന്ന കാലത്ത് സ്വാതികീർത്തനങ്ങൾ പാരമ്പര്യ രീതിയിൽ പാടിവന്നതെങ്ങനെ എന്നറിവാൻ വിപുലമായ ശ്രമങ്ങൾ ചെയ്തിരുന്നു. ഇക്കാര്യത്തിൽ അമ്മ മഹാറാണിയും അദ്ദേഹത്തെ സഹായിക്കുകയുണ്ടായി. കേട്ടരീതി വച്ചുകൊണ്ട് ആ രീതി പ്രചരിപ്പിച്ചാൽ സ്വാതികൃതികൾ സോപാനവുമല്ല, കർണ്ണാടകവുമല്ല എന്ന മട്ടിൽ ഉഭയഭ്രഷ്ടമാകുമെന്ന് അവരിരുവരും ഭയപ്പെട്ടു. അങ്ങനെ ഒട്ടെറെ നവീകൃമായ ശൈലിയിലാണ് മുത്തയ്യാ ഭാഗവതർ സ്വാതികൃതികൾ സംഗീത വിദ്യാലയത്തിൽ പഠിപ്പിക്കാൻ തുടങ്ങിയത്. ആ വഴി തന്നെ ശെമ്മംകുടിയും ജി. എൻ. ബാലസുബ്രഹ്മണ്യവും തുടർന്നു. പഴയരീതി മിക്കവാറും ലുപ്തപ്രചാരമായിപ്പോവുകയും ചെയ്തു. ഇതിന് ഏററവും നല്ല ഉദാഹരണമാണ് 'ഭാവയാമി രഘുരാമം' എന്ന പതിഞ്ഞ

മട്ടിലുള്ള സാവേരി കീർത്തനം. സാമാന്യത്തിലധികം ദീർഘമായ ചരണങ്ങളോടു കൂടിയ ആ സാഹിത്യകൃതി ഒരേ രാഗത്തിൽ പാടിയാൽ മുഷിപ്പനാകുമെന്നു മനസ്സിലാക്കിയ ശെമ്മാംകുടി അത് ഒരു മനോഹര രാഗമാലികയാക്കി സംവിധാനം ചെയ്തു. ഇന്ന് വളരെ ജനസമ്മതി നേടിയ ഒരു സംഗീത കൃതിയാണ് അത്. ഇതു കേട്ട യാഥാസ്ഥിതികനായ ഒരു വിദ്വാൻ ചോദിച്ചു, ''എന്തിനാണ് സ്വാതിതിരുനാളിനെ ഇങ്ങനെ മാന്തിക്കീറുന്നത്?'' എന്ന്, എന്നാൽ മററൊരു സഹൃദയൻ പറഞ്ഞത്, ശെമ്മംകുടിക്കു ആ ഒരു കൃതിയുടെ നവീന സംവിധാനത്തിനു മാത്രമായി ഒരു പി. എച്ച്. ഡി. കൊടുക്കാമെന്നായിരുന്നു. ഈ വിരുദ്ധ പ്രതികരണങ്ങളിൽ രണ്ടാമത്തതിനോടാണ് ഞാൻ യോജിക്കുന്നതെന്നും പറഞ്ഞു കൊള്ളട്ടെ. ഇതുപോലെ തന്നെയാണ് ''ഭോഗീന്ദ്രശായിനം'' എന്ന ഇന്ന് കുന്തളവരാളിയിൽ പാടുന്ന കൃതി. അതു മുമ്പ് പാടിക്കൊണ്ടിരുന്നത്, 'ധന്യാസി'യിലായിരുന്നുവത്രേ പക്ഷേ ഇനി ആ ഗാനത്തെ തിരിച്ചു ധന്യാസിയുലേക്കു കൊണ്ടു പോകുക അസാധ്യമാണ്. ഇവിടെ സ്വാതിതിരുനാളിൻെറ സാഹിത്യമല്ല മാറുന്നത്, സംഗീതശൈലിയാണ്.

സാഹിത്യത്തിൻെറ സ്ഥിതി എന്താണ്? സ്വാതിയുടെ സാഹിത്യത്തിൽ പര്യായങ്ങളല്ലാതെ എന്തുണ്ടെന്നു ചോദിക്കുന്നവർ ഉപരിപ്ലവ ബുദ്ധികളാണ്. ജസ്റ്റീസ് ടി. എൻ. വെങ്കട്ടരാമയ്യർ എഴുതിയ ദീക്ഷിതരുടെ ജീവചരിത്രത്തിൽ ദീക്ഷിതരെപ്പററിയും ഇതേ മട്ടിൽ ആരോപണമുണ്ടായിരുന്നത് ചൂണ്ടിക്കാണിച്ചിട്ട് ഇപ്രകാരം സമാധാനം പറയുന്നു.

''വിവിധ പരിതസ്ഥിതികളിൽ മനുഷ്യൻെറയും പ്രപഞ്ചത്തിൻെറയും ചിത്രം അവതരിപ്പിക്കുകയാണ് കവിയുടെ ലക്ഷ്യം. കവിതയിൽ അർത്ഥത്തിനാണ് പ്രാധാന്യം. (എന്നാൽ) വിശദമായ രാഗവർണ്ണങ്ങൾ അവതരിപ്പിക്കുകയാണ് ശാസ്ത്രീയസംഗീതത്തിൻെറ ലക്ഷ്യം. സംഗീതത്തിൽ വാക്കുകൾ ഉപയോഗിക്കുന്നത് ശ്രുതി ഭംഗിക്കുവേണ്ടിയാണ്. കവിതയായില്ല എന്ന കാരണത്താൽ സംഗീത രചനയ്ക്കു അതിൻെറ വിശിഷ്ടഗുണങ്ങൾ നഷ്ടപ്പെടുന്നില്ല'' ചുരുക്കിപ്പറഞ്ഞാൽ കവിതയായിത്തീരുന്ന സംഗീത കൃതിയും കവിതയാകാത്ത സംഗീത കൃതിയുമുണ്ടാകുന്നതിനു വിരോധമില്ല. ഈ വേർതിരിവ് ത്യാഗരാജ കൃതികളിലും കാണാം. ഭാവസന്നിവേശമുള്ള (ലിറിക്കൽ) ത്യാഗരാജകൃതികൾ വേറിട്ടു തന്നെ നിൽക്കുന്നു. അല്ലാത്തവ മററൊരു ഗണത്തിൽ വരുന്നു. അന്യായമു ശേയ് കുറാ എന്ന കാപിരാഗ കീർത്തനം സ്വന്തം സഹോദരൻെറ ശല്യപ്പെടുത്തലിനെപ്പററിയുള്ള ഒരു പരിവേദനമാണ്. (നാ പൂർവ്വജബാധ തീർപ്പലേദാ) ഈ ഭാവതന്മയത്വം എല്ലാ കൃതികളിലും പ്രതിഫലിച്ചു കൊള്ളണമെന്നില്ല. സ്വാതികൃതികളിൽ കാണുന്നത് അഭംഗുരമായ ഭക്തിയുടെ മഹാപ്രവാഹമാണ്. ആത്മകഥാംശമൊന്നും അദ്ദേഹം കൃതികളിൽ ചെലുത്തുന്നില്ല. ഇവിടെ ഒരു ചോദ്യം വരാം. രാജ്യഭരണ നിമഗ്നനായി ഗൃഹസ്ഥാശ്രമിയായി വൈതാളികവൃന്ദ പരിവൃഢനായി കഴിഞ്ഞ ഒരാളിന് എന്തുതരം ഭക്തിയാണ് ഉണ്ടാവുക? ഇതിൻെറ മറുപടി മററൊരു ചോദ്യമാണ് : ലൗകികവിരക്തന്മാർക്കു മാത്രമേ ഭക്തിയുണ്ടാവുകയുള്ളോ? അല്ലാ. എന്തു ചെയ്യുമ്പോഴും ഭഗവദംഘ്രീപങ്കജധ്യാനത്തിൽ മനസ്സുറപ്പിച്ചിരിക്കുന്നവനാണ് ഭക്തൻ.

ഭക്തിമഞ്ജരിയിലെ 33-ാം പദ്യത്തിൽ ഇതേ ആശയം സ്വാതി പ്രദർശിപ്പിക്കുന്നു.

ഭുഞ്ജാനസ്യ സരോദനാഭ പിബത:
സ്നാനൈഷിണഃഖാദതോ
നിദ്രാലോരടതോ വയസ്യനികരൈഃ
സംഭാഷമാണസ്യ വാ
അധ്യാസോഹൃദിമേ സദാ വിലസതു
ശ്രീപദ്മനാഭാത്മകോ

യോ വാ വാഗ്വിഷയേതരാ$f$മിത സുഖം
സൂതേ ക്ഷണാത് പ്രാണിനാം.

ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും കുളിക്കുമ്പോഴും കളിക്കൂട്ടുകാരോടു ഭാഷിക്കുമ്പോഴും എല്ലാം എൻെറ മനസ്സ് ശ്രീപദ്മനാഭമയമായി ഭാസിക്കട്ടെ എന്നാണ് പ്രാർത്ഥന. ഈ പ്രാർത്ഥന ഫലവത്താകാനുള്ള ഒരുപായമായിരുന്നു സംഗീതം. സംഗീതം ഭക്തിയുടെ അഭിവ്യക്തിയാണ്. ഒരുവേള ലൗകികത്തിൽ നിന്നുള്ള പലായനവും സംഗീതം തന്നെയായിരുന്നു.

സ: പദ്മവനം സമിച്ഛതിയഥാ നീലാംബുദം ചാതക :
കോക: കോകനദപ്രിയം പ്രതിദിനം തന്ദ്രം ചകോരസ്തഥാ
ചേതോവാഞ്ഛതി മാമകം പശുപതേ ചിന്മാർഗ്ഗമൃഗ്യം വിഭോ
ഗൗരീനാഥ ഭവത്പദാബ്ജയുഗളം കൈവല്യ സൗഖ്യപ്രദം

ഇതു പ്രസിദ്ധമായ ശിവാനന്ദലഹരിയിലെ പദ്യമാണ്. ഭഗവത് പാദപദ്മത്തെ ആർത്തിയോടെ പ്രാപിക്കാൻ ആഗ്രഹിക്കുന്ന ഈ മാനസികാവസ്ഥ സ്വാതിക്കുണ്ടായിരുന്നു എന്നാണ് അദ്ദേഹത്തിൻെറ ജീവിതവും കൃതികളും നിസ്സംശയം വിളംബരം ചെയ്യുന്നത്. സ്വാതിയുടെ ഭക്തിമഞ്ജരിയിലും ഇതേ അവസ്ഥയെ വർണ്ണിക്കുന്നുണ്ട്. ഒരു പദ്യത്തിൽ.

അംഭോദേഷ്വിഹത ചാതകാവലിരിവ
 പ്രോത്ഫുല്ലപദ്മാകരേ
ഹംസാനാം നികരോയഥാ ഹിമകരേ
 യദ്വച്ചകോരവ്രജ:
മാകന്ദേഷു മധൗ യഥാ പികതതി :
 പുഷ്പേഷു ഭൃംഗോ യഥാ
സ്വാമിൻ മാമക മാനസം വിഹരതാം
 ത്വയ്യേവ നിത്യം ഹരേ

ഇവിടെ ജീവാത്മാവിനെ പക്ഷിരൂപത്തിലാണ് ഉദ്ഭാവനം ചെയ്തിരിക്കുന്നത് എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അത് പ്രസിദ്ധമായ ഉപനിഷൽ സങ്കല്പമാണ്.

ഭക്തിമഞ്ജരിയുടെ സ്വരവും ഭാവവും തന്നെയാണ് കീർത്തനങ്ങളിലും പ്രായേണ പ്രതിബിംബിക്കുന്നത്.

കിംബഹുതപസാ കിം ബഹു യാഗൈഃ
കിംബഹു യശസാ കിം ബഹു ഭോഗൈഃ
ഭക്തിയുതാ വാ ഭയതരളാ വാ
മുക്തിപരാ വാ ഭുക്തിപരാവാ
ആപദി സംപദി ചാഖില സമയേ
ശ്രീപതിമനുചിന്തയ ഹൃദയേ''

''ജപത ജപത'' എന്ന കീർത്തനത്തിലെ ഈ വൈരാഗ്യ ഭാവം എത്ര ഹൃദ്യമായിരുക്കുന്നു!

''കാരണം വിനാ കാര്യം നോത്പദ്യതേ കിമപി'' എന്ന കീർത്തനത്തിലും നല്ലൊരു ചിന്തകൻെറ അടയാളങ്ങൾ സ്പഷ്ടമായി പതിഞ്ഞു കാണാം. ''നെയ്യപ്പത്തിനു നെയ്യ് കൂടിപ്പോയി'' എന്നു പറഞ്ഞതു പോലെയാണ് സ്വാതിയുടെ കീർത്തനങ്ങളുടെ നില.. അവിടെ അർത്ഥഭാരം എപ്പോഴും വളരെ കൂടി നിൽക്കും. രാജാവിന് ഈ അർത്ഥഭാരം നിസ്സാരമാണെങ്കിലും ഗായകന് ഇതു അത്ര നിസ്സാരമല്ല. ചരണങ്ങളുടെ ദൈർഘ്യവും ഗായകനെ വിഷമിപ്പിച്ചേക്കും. മററു വാഗ്ഗേയകാരന്മാർ പറയാനുള്ളത് സൂത്രവാക്യത്തിലൊതുക്കുമ്പോൾ സ്വാതി വിസ്തരിക്കുകയാണ് പതിവ്, 'യോജയ പദ നളിനേനേ മേ മതിം വിഭോ' (കല്യാണി) എന്ന കീർത്തനത്തിൻെറ ചരണങ്ങൾ 56 വരികളിലായി പരന്നു കിടക്കുന്നു. 'ചിന്തയേ പദ്മനാഭ മുദാരം' (മോഹനം) 50 വരികളായി പരക്കുന്നു. അതേ സമയം 'ഭാവയാമി' രാമായണം കഥ മുഴുവൻ ഗുളികച്ചെപ്പിലാക്കി ഒതുക്കുകയും ചെയ്തു. 'ഭാവയേ ശ്രീ ഗോപാലം' എന്നതിൽ ഭാഗവതരും ഒതുക്കി. അപ്പോൾ നീട്ടാനും കുറുക്കാനും സ്വാതിക്കു കഴിയുമായിരുന്നു. നിയമബദ്ധനല്ലാത്ത സ്വതന്ത്ര കവിയെന്നു പറയാം. ഇത്ര ഉചിതമായും രുചിരമായും പ്രാസം പ്രയോഗിച്ചിട്ടുള്ള വാഗ്ഗേയകാരന്മാർ ചുരുക്കം തന്നെ. ദ്വിതീയാക്ഷര പ്രാസവും അനുപ്രാസവും സർവത്ര സുലഭം. മലയാളത്തിലും സംസ്കൃതത്തിലും ഒരേ ശബ്ദ സ്വാധീനം.

ഉദാ: (1) കിസലയവിരചിത തനും ഹന്ത
കിളിമൊഴി മാമനലകനും
അസമശരതാപമനനും മമ
ഹല ഹല ദിനമൊരു കനും

(2) ലോല ലോല വനമാല
നീല സുരഭില വാല
ലാലസിത നിജജാല
പാലിതാസുര വൈരി ജാല
ബാലസൂര്യസമചേല
ബാലഗോപ ധൃത ശൈല ജാല
ജിത ശിശുപാല.

(3) സ്മരനുബാണം ശതമോ
കരുണ തവ വരുമോ?
ചിരമേവമുഴലുമോ
വൈരമിതുചിതമോ?

(4) ഇന്ദുമുഖി നിശമയ
എന്നഴൽ നീ ശമയ

ഈ ഉദാഹരണങ്ങളിലെ പദനിബന്ധനാ സൗന്ദര്യത്തെപ്പറ്റി കൂടുതൽ മനസ്സിലാകുക അവ പാടി കേൾക്കുമ്പോഴാണ്. സ്വാതിയുടെ ഗാനങ്ങൾ ഗാനയോഗ്യങ്ങൾ മാത്രമല്ല. അർത്ഥരുചിയാൽ പഠനയോഗ്യങ്ങളുമാണ്.

സ്വാതിതിരുനാൾ പര്യായപദങ്ങൾ കൊണ്ടു കളിക്കുകയായിരുന്നു എന്ന ആരോപണത്തെപ്പററി നേരത്തെ സൂചിപ്പിച്ചല്ലോ. പര്യായപദങ്ങൾ പ്രയോഗിക്കാതെ ഈശ്വരസ്തുതിപരമായ ഗാനങ്ങൾ എഴുതാൻ നിർവ്വാഹമില്ലെന്നു മാത്രമല്ല അതു ഒരു ഭാരതീയ പാരമ്പര്യമാണെന്നതിന് വിഷ്ണുസഹസ്രനാമം, ദേവീസഹസ്രനാമം മുതലായവ ഉദാഹരണവും നല്കുന്നു. എന്നാൽ വാക്സിദ്ധിയുള്ള ഗാനകൃത്ത് ആ പര്യായപദങ്ങളെക്കൊണ്ട് തന്നെ എന്തെല്ലാം അത്ഭുതങ്ങൾ കാട്ടുന്നു എന്ന് നോക്കുക. ശ്രീകൃഷ്ണന്റെ പര്യായപദങ്ങളിലൊന്നാണ് 'കാളിയമർദ്ദനൻ' എന്നത്. സ്വാതി ആ പര്യായത്തെയും അതിലന്തർഭവിച്ച ഭാവത്തെയും എന്തെല്ലാം പ്രകാരത്തിൽ പ്രയോഗിച്ചിട്ടുണ്ട് എന്നു നോക്കുക.

1) കാളിയ ഫണിഫണരംഗകൃത നടന
കാമദഘന ധരണീഭരനാശന
എന്നൊരു ദിക്കിൽ (ദേവദേവ ജഗദീശ്വര)

2) കാളിയഫണധരമദ ദമനാസിത വാരിദസന്നിഭ
എന്ന് മറെറാരു ദിക്കിൽ (സാരസസുവദന)

3) കാളിയ ഫണിഫണരംഗ രചിതശുഭനടനം
എന്ന് മൂന്നാമതൊരു ദിക്കിൽ (സ്മരമാനസ)

4) പവനാശനവരകാളിയ ഫണതടവിഹിതനടനം
എന്ന് നാലാമതൊരു ദിക്കിൽ (വന്ദേദേവദേവ)

കാളിയനെന്ന ഫണിയുടെ ഫണത്തിന്മേലുള്ള നടനത്തെ ധരണീഭരനാശത്തിനുള്ള പ്രപഞ്ചകേളിയായിട്ടാണ് ആദ്യത്തേതിൽ കവി ഉദ്ഭാവനം ചെയ്തിട്ടുള്ളത്. മറെറാരു തരത്തിൽ പറഞ്ഞാൽ ശബ്ദഭംഗിപോലെ അർത്ഥഭംഗിയും തികഞ്ഞിട്ടുണ്ട്. ഈ നാലു ഭാഗങ്ങളും പാടികേൾക്കുമ്പൊൾ നാം ചടുലമായ ഒരു നടനം കണ്ടുകൊണ്ടിരിക്കുന്നു എന്ന പ്രതീതി കൂടി കവി ജനിപ്പിക്കുന്നു.

സ്വരാക്ഷരങ്ങൾ പ്രയോഗിക്കുന്നതിൽ സ്വാതി മഹാരാജാവിനുള്ള പാടവം പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചിദംബരവാധ്യാർ പ്രസാധനം ചെയ്ത 'സ്വാതിതിരുനാൾ മഹാരാജാ കല്പിച്ചുണ്ടാക്കിയ സംഗീത കൃതികൾ' (1916) എന്ന പ്രഥമ പുസ്തകത്തിൽ തന്നെ അത്തരം ചില സന്ദർഭങ്ങൾ അടിവരയിട്ടു കാണിച്ചിരുന്നു. (മുനിമതിമണി **തളിമഗമധവ, പാദപാതി** സമദേവനികായ, നാഗവര **സമഗമന** നാരദമുഖസേവിത ഇത്യാദി).

സ്വാതി തിരുനാളിനെ ഇന്നു നാം ബഹുമാനിക്കുന്നത് അദ്ദേഹം പ്രജാക്ഷേമതത്പരനായ ഒരു രാജാവായതുകൊണ്ടു മാത്രമല്ല, കർണ്ണാടക സംഗീതത്തിനു സംഭാവന ചെയ്യാൻ കേരളത്തിൻെറ കലവറയിലും ചില അമൂല്യ രത്നങ്ങളുണ്ടെന്ന് ലോകത്തിന് ആദ്യമായി കാണിച്ചുകൊടുത്ത പ്രതിഭാശാലി എന്ന നിലയ്ക്കാണ്. ഇന്ന് ഒരു രാജാവിൻെറ കിരീടത്തിനും വിലയില്ല. പക്ഷേ പ്രതിഭയുടെ കിരീടം എന്നും വിലമതിക്കപ്പെടും.